# മഹാത്മാഗാന്ധി സർവ്വകലാശാല

**ലാലപ്പൻ സി.ആർ.**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9207291798

പി.ആർ.ഒ./39/148/2018 2018 ജൂലൈ 10

## പത്രക്കുറിപ്പ്

**അപേക്ഷാ തീയതി**

മൂന്നാം സെമസ്റ്റർ എം.ടെക് (2016 അഡ്മിഷൻ) പരീക്ഷകൾക്ക് പിഴയില്ലാതെ ജൂലൈ 18 വരെയും 50 രൂപ പിഴയോടെ 19 വരെയും 500 രൂപ സൂപ്പർഫൈനോടെ 23 വരെയും അപേക്ഷിക്കാം.

**സംവരണ സീറ്റൊഴിവ്**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് പ്യവർ ആന്റ് അപ്ലൈഡ് ഫിസിക്സിൽ 2018 അഡ്മിഷൻ എം.എസ്.സി. ബാച്ചിലേക്ക് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി സംവരണം ചെയ്ത ഒരു സീറ്റൊഴിവുണ്ട്. അർഹരായ വിദ്യാർത്ഥികൾ ജൂലൈ 13ന് വൈകീട്ട് 4 മണിക്ക് മുൻപായി അസ്സൽ രേഖകൾ സഹിതം പഠനവകുപ്പിൽ ഹാജരാകണം.

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ എം.എ. മലയാളം വിഭാഗത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി ഒരു സീറ്റൊഴിവുണ്ട്. യോഗ്യരായ വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ജൂലൈ 12ന് 11 മണിക്കകം സ്കൂൾ ഓഫീസിൽ നേരിട്ട് ഹാജരാകണം.

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് കോഴ്സിൽ എസ്.സി./എസ്.ടി. സംവരണ വിഭാഗത്തിൽ (എസ്.സി. - 1, എസ്.ടി. - 2) സീറ്റൊഴിവുണ്ട്. അർഹരായവർ അസ്സൽ രേഖകൾ സഹിതം ജൂലൈ 16ന് രാവിലെ 10ന് നേരിട്ട് ഹാജരാകണം. ഫോൺ: 0481 - 2731037.

**പ്രാക്ടിക്കൽ**

2018 മെയ്/ജൂൺ മാസത്തിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി. ബയോടെക്നോളജി (സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ ജൂലൈ 19 മുതൽ അതാത് കോളേജുകളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**വൈവാവോസി**

2018 മെയ്/ജൂൺ മാസത്തിൽ നടത്തിയ നാലാം സെമസ്ററർ എം.എസ്.സി. ബയോടെക്നോളജി (സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയുടെ പ്രോജക്ട് ഇവാല്യുവേഷൻ/വൈവാവോസി പരീക്ഷകൾ ആഗസ്റ്റ് 1 മുതൽ അതാത് കോളേജുകളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2018 മെയ്/ജൂൺ മാസത്തിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. ഇംഗ്ലീഷ് (സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയുടെ പ്രോജക്ട് ഇവാല്യുവേഷൻ/വൈവാവോസി പരീക്ഷകൾ ജൂലൈ 23 മുതൽ അതാത് കോളേജുകളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**നാനോ ചെയർ പ്രൊഫസർഷിപ്പ് സമർപ്പണവും പ്രഭാഷണവും ഇന്ന് (ജൂലൈ 11)**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോടെക്നോളജി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (ജൂലൈ 11) രാവിലെ 9.30ന് ഫിസിക്സ് ഓഡിറ്റോറിയത്തിൽ വച്ച് പ്രശസ്ത കാൻസർ ചികിത്സാ മരുന്ന് ഗവേഷകനും ഗുവഹാത്തി ഐ.ഐ.ടി. പ്രൊഫസറുമായ അജയ്കുമാർ ബി. കുന്നംമക്കരയ്ക്ക് നാനോ ചെയർ പ്രൊഫസർഷിപ്പ് എം.ജി. സർവ്വകലാശാലാ പ്രോ വൈസ് ചാൻസലറും പ്രശസ്ത നാനോ ശാസ്ത്രജ്ഞനുമായ സാബു തോമസിന്റെ സാന്നിദ്ധ്യത്തിൽ വൈസ് ചാൻസലർ ഡോ. ബാബു

സെബാസ്റ്റ്യൻ സമർപ്പിക്കും. തുടർന്ന് 'കാൻസർ ചികിത്സാരംഗത്ത് നാനോടെക്നോളജിയുടെ അനന്തസാദ്ധ്യതകൾ' എന്ന വിഷയത്തിൽ പ്രഭാഷണവും നടക്കും. നാനോ വിഭാഗം മേധാവി ഡോ. നന്ദകുമാർ കളരിക്കൽ, ഡോ. സാബു തോമസ് എന്നിവർ നേതൃത്വം നൽകും. വിശദവിവരങ്ങൾക്ക് ഫോൺ: 6282207945.

**അടിക്കുറിപ്പ്**

**പ്രൊഫ. അജയ്കുമാർ ബി. കുന്നുംമക്കര**

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**